പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2913 **29-10-2026-ൽ മറുപടിയ്ക്ക്**

വിവിധ മേൽപ്പാലങ്ങളുടെ പണി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ടി. ജെ. വിനോദ്
ശ്രീ. എ. ഡി. തോമസ്
ശ്രീമതി രമ്യ ഹരിദാസ്
ശ്രീ. സന്ദീപ് വാര്യർ

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) തിരുവനന്തപുരം ജില്ലയിലെ വെഞ്ഞാറമൂട്, ശ്രീകാര്യം, കരകുളം, ഈഞ്ചക്കൽ, കഴക്കൂട്ടം വെട്ടുറോഡ് എന്നിവിടങ്ങളിലെയും സംസ്ഥാനത്തിന്റെ മറ്റ് സ്ഥലങ്ങളിലും നിർമ്മാണം നടക്കുന്ന വിവിധ മേൽപ്പാലങ്ങളുടെ പണി വളരെ ഇഴഞ്ഞു നീങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതുമൂലം ദീർഘനാളായി പൊതുജനങ്ങൾ അനുഭവിക്കുന്ന ട്രാഫിക് ബ്ലോക്ക്, പൊടിശല്യം തുടങ്ങിയവ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

മറുപടി: കെ.ആർ.എഫ്.ബി. സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിർമ്മാണത്തിലിരിക്കുന്ന വെഞ്ഞാറമൂട്, കരകുളം മേൽപ്പാലം പ്രവൃത്തികൾ നിർമ്മാണസാമഗ്രികളുടെ ലഭ്യത കുറവ് മൂലം മന്ദഗതിയിലാണ് നടക്കുന്നത്. കെ.എം.ആർ.എൽ. നിർമ്മാണ മേൽനോട്ടം വഹിക്കുന്ന ശ്രീകാര്യം മേൽപ്പാലത്തിന്റെ നിർമ്മാണവും യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികളും മറ്റും കാരണം മന്ദഗതിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈഞ്ചക്കൽ, കഴക്കൂട്ടം വെട്ടുറോഡ് മേൽപ്പാലങ്ങൾ NHAI-യുടെ കീഴിൽ നിർമ്മാണം നടക്കുന്നവയാണ്. NHAI-യുടെ കീഴിലുള്ള പദ്ധതികളുടെ കാര്യത്തിൽ, ബന്ധപ്പെട്ട PIU- കളും, കൺസൾട്ടന്റുമാരും നിർമ്മാണ പുരോഗതി നിരീക്ഷിക്കുകയും പ്രവൃത്തി നിർവ്വഹണത്തെ ബാധിക്കുന്ന പ്രശ്നങ്ങളിൽ കരാറുകാരുമായി ചർച്ച നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി റോഡ് ഉപയോക്താക്കൾക്കുണ്ടാകുന്ന അസൗകര്യങ്ങൾ പരമാവധി കുറയ്ക്കുന്നതിനായി, ഉചിതമായ ഗതാഗത നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുക, നിർമ്മാണ സമയത്തുണ്ടാകുന്ന പൊടിശല്യം ലഘൂകരിക്കുക തുടങ്ങിയ നടപടികൾ ബാധകമായ വ്യവസ്ഥകൾക്കനുസൃതമായി ഉറപ്പാക്കി വരുന്നു. ശ്രീകാര്യം മേൽപ്പാലം പദ്ധതിക്ക് വേണ്ടി പുതുതായി ഏറ്റെടുത്ത ഭൂമിയിൽ ആണ് സർവ്വീസ് റോഡിന്റെ നിർമ്മാണം നടക്കുന്നത്. ആയതിനാൽ ഇതുമൂലം വലിയതോതിൽ ട്രാഫിക് തടസ്സങ്ങൾ ഉണ്ടായിട്ടില്ല. പൊടിശല്യം പരിഹരിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) മുകളിൽ സൂചിപ്പിച്ച മേൽപ്പാലങ്ങളിൽ നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ടവ അടിയന്തരമായി പൂർത്തിയാക്കാൻ നാഷണൽ ഹൈവേ അതോറിറ്റിയോട് ആവശ്യപ്പെടുമോ; വിശദമാക്കാമോ;

മറുപടി: NHAI-യുടെ അധികാരപരിധിയിലുള്ള ഫ്ലൈഓവർ പ്രവൃത്തികളുടെ പുരോഗതി NHAI നിരന്തരം നിരീക്ഷിക്കുകയും, ആവശ്യമായ തൊഴിലാളികൾ, യന്ത്രസാമഗ്രികൾ, മറ്റ് വിഭവങ്ങൾ എന്നിവ മതിയായ തോതിൽ വിന്യസിച്ച് പ്രവൃത്തികൾ വേഗത്തിലാക്കാൻ ബന്ധപ്പെട്ട കരാറുകാർക്കും പദ്ധതി നടത്തിപ്പവകാശം ലഭിച്ചവർക്കും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ബന്ധപ്പെട്ട പ്രവൃത്തികളുടെ പുരോഗതി ചുമതലപ്പെട്ട അധികാരികൾ അവലോകനം ചെയ്യുകയും, ഓരോ പദ്ധതിയുടെയും നിർവഹണത്തെ ബാധിക്കുന്ന തടസ്സങ്ങൾ പരിഹരിച്ച് പ്രവൃത്തികൾ എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(സി) സംസ്ഥാന സർക്കാർ നിർമ്മിക്കുന്ന മേൽപ്പാലങ്ങളുടെ പണി അനന്തമായി നീട്ടിക്കൊണ്ടു പോകുന്ന കരാറുകാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

മറുപടി: പദ്ധതിയുമായി ബന്ധപ്പെട്ട തടസ്സങ്ങൾ പരിഹരിക്കുന്നതിനും അംഗീകരിച്ച പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, പണി അനന്തമായി നീട്ടി കൊണ്ട് പോകുന്ന കരാറുകാർക്ക് നോട്ടീസ് നൽകുകയും മറുപടി തൃപ്തികരമല്ലെങ്കിൽ അവർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്.

(ഡി) ദേശീയ പാത 66 ന്റെ പ്രവൃത്തികൾ ഏറെക്കുറെ തീരാറായ സാഹചര്യത്തിൽ മേൽപ്പാലങ്ങളുടെ പണികളും വേഗത്തിൽ പൂർത്തിയാക്കാൻ അടിയന്തര ഇടപെടൽ ഉണ്ടാകുമോ; വ്യക്തമാക്കാമോ?

മറുപടി: NH-66-ലെ ഫ്ലൈഓവർ പ്രവൃത്തികൾ ഉൾപ്പടെയുള്ള ശേഷിക്കുന്ന പ്രവൃത്തികളുടെ പുരോഗതി NHAI നിരീക്ഷിക്കുകയും, പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനായി കാലതാമസം സംബന്ധിച്ച വിഷയങ്ങൾ ബന്ധപ്പെട്ട കരാറുകാരുടെയും പദ്ധതി നടത്തിപ്പവകാശം ലഭിച്ചവരുടെയും ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട തടസ്സങ്ങൾ പരിഹരിക്കുന്നതിനും, സാങ്കേതികവും സുരക്ഷാപരവുമായ വ്യവസ്ഥകൾ പാലിക്കുന്നതിനും വിധേയമായി, അംഗീകരിച്ച പ്രവൃത്തി പരിപാടികൾക്കനുസൃതമായി ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ദേശീയപാത അതോറിറ്റിയുമായി ചേർന്ന് സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ